കഥയല്ലിത് ജീവിതം



# അന്തർജ്ജനത്തിന്റെ കഥ റസിയ ബീവിയുടെയും

കെ. ബദറുദ്ദീൻ

ഒരു പഴഞ്ചൻ തകരപെട്ടിയുമായി റയിൽപാളത്തിന് മുമ്പിൽ നിൽക്കുകയാണ് കുലീനയായ ഒരു പാവം വൃദ്ധ. അവരുടെ നിൽപ്പിൽ പന്തികേട് തോന്നി ഓടിയെത്തിയ റസിയ ബീവിക്ക് മുമ്പിൽ അവർ ജീവിതത്തിന്റെ കെട്ടഴിച്ചു. തുടർന്ന് റസിയ അവരെ കൂട്ടിക്കൊണ്ടുപോയത് ജീവിതത്തിലേയ്ക്കായിരുന്നു. സ്വപ്ന തുല്യമായ ജീവിതത്തിലേയ്ക്ക്.

നേരം ഇനിയും പുലർന്നിട്ടില്ല അമ്പലപ്പുഴ നീർക്കുന്നം മാധവ മുക്കിലെ റെയിൽപാളത്തിന് അരികിൽ ഒരു തകര പെട്ടിയുമായി നിൽക്കുകയാണ് കുലീനയായ പാവം ഒരു വൃദ്ധ. 5:00 മണിക്ക് എത്തേണ്ട തീവണ്ടി ഇനിയും എത്തിയിട്ടില്ല. എവിടേക്കാണ് ഇവരുടെ യാത്ര. വയസ്സുകാലത്ത് ആരും കൂടെയില്ലാതെ ഈ വിജനതയിൽ എന്തിനാണീ യാത്ര?

ഇനി ഒരു ഫ്ളാഷ് ബാക്ക്. തീവണ്ടി കാത്തു നിൽക്കുന്ന വൃദ്ധയുടെ പേര് ചെല്ലമ്മ അന്തർജനം. അവർക്ക് ഒരു കഥയുണ്ട്. ഇല്ലായ്മയുടെ നടുവിൽ അടക്കവും ഒതുക്കവും ഉള്ള ഒരു പെൺകുട്ടിയായി വളർന്നു. ബാലാരിഷ്ടതകൾ നിറഞ്ഞ ബാല്യകാലം. കൗമാരം കഴിഞ്ഞ് യൗവനത്തിലേക്ക് കടക്കുമ്പോൾ മോഹങ്ങൾക്ക് ഒന്നും കുറവുണ്ടായിരുന്നില്ല. മറ്റാരും കാണാതെ വല്ലപ്പോഴും ഉള്ളിലെ മോഹങ്ങളെ പുറത്തെടുത്ത് ആലോചിച്ച മനോരാജ്യം കാണാറുണ്ടായിരുന്നു. ഉറങ്ങാൻ തുടങ്ങുമ്പോൾ പലപ്പോഴും കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

പക്ഷേ അവളെയും പെണ്ണുകാണാൻ ഒരുത്തൻ വന്നു. മന്ദബുദ്ധിയായ ഒരു നമ്പൂതിരി. ജീവിതം കോഞ്ഞാട്ടയായി എന്ന് അറിഞ്ഞുകൊണ്ട് തന്നെ അവൾ നിസ്സഹായയായി കഴുത്ത് നീട്ടിക്കൊടുത്തു. അഞ്ചുവർഷം കഴിയുന്നതിനുമുമ്പ് തന്നെ ഭർത്താവ് ഈ ലോകത്തോട് വിട പറഞ്ഞു. കുട്ടികൾ ഇല്ലാത്തതിനാൽ ഭർത്തൃ വീട്ടിൽ അവൾ അധികപ്പറ്റായി. അപ്പോഴാണ് പ്രശസ്ത എഴുത്തുകാരി ലളിതാംബിക അന്തർജ്ജനത്തിന്റെ വീട്ടിൽ ഒരു സഹായിയെ വേണമെന്ന് അറിഞ്ഞത്. വല്ലവിധേനയും അവിടെ കടന്നുകൂടി. വർഷങ്ങളോളം അവിടെ കഴിഞ്ഞു. ഒടുവിൽ പണിചെയ്ത് ജീവിക്കാൻ വാർദ്ധക്യം അനുവദിക്കാതെ ആയപ്പോൾ ആർക്കും ഒരു ബുദ്ധിമുട്ട്



**സിയാബീവി ഒരു സാധാരണ വീട്ടമ്മയായിരുന്നു. ഭർത്താവും നാല് മക്കളും  അടങ്ങുന്ന കുടുംബത്തിലെ അംഗം. അന്തർജ്ജനത്തിന്റെ വാക്കുകൾ റസിയയെ വേദനിപ്പിച്ചു.  തന്റെ മുമ്പിൽ നിൽക്കുന്നത് ഒരു ബ്രാഹ്മണ സ്ത്രീയാണെന്നൊന്നും അപ്പോൾ അവർ ചിന്തിച്ചില്ല. അവരുടെ കൈ പിടിച്ച് സ്വന്തം വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. ആയുഷ്ക്കാലം മുഴുവൻ പെറ്റമ്മയെ നോക്കുന്നതുപോലെ സംരക്ഷിച്ചുകൊള്ളാമെന്ന റസിയ വാക്ക് നൽകുകയും ചെയ്തു.**

ആകേണ്ട എന്ന് കരുതി സ്വന്തം നാട്ടിലേക്ക് മടങ്ങി. അന്നന്നുള്ള അന്നത്തിന് പോലും നിവൃത്തിയില്ലാത്ത അവസ്ഥയായിരുന്ന വീട്ടിൽ.  എന്നിട്ടും ആരുടെ മുമ്പിലും കൈനീട്ടിയില്ല. കുടുംബ സ്വത്തായി കിട്ടിയ ദുരഭിമാനം ഇരന്നു ജീവിക്കാൻ അനുവദിച്ചില്ല. അങ്ങനെയാണ് ആർക്കും വേണ്ടാത്ത ഈ ജീവിതം ഇങ്ങനെയങ്ങ് തീരട്ടെ എന്ന് ഉറപ്പിച്ച് റെയിൽപാളത്തിനു മുമ്പിൽ എത്തിയത്. ചൂളം വിളിച്ചുകൊണ്ട് തീവണ്ടി ഇരമ്പി എത്തുമ്പോൾ ഒറ്റച്ചാട്ടം അവിടെ ഒടുങ്ങും ഗതികെട്ട ഈ പാഴ്ജന്മം പക്ഷേ തീവണ്ടി വൈകുകയാണല്ലോ.

അതുവഴി വന്ന റസിയ ബീവി എന്ന സ്ത്രീക്ക് വൃദ്ധയുടെ നിലവിൽ അസ്വാഭാവികത തോന്നി.  അവർ വൃദ്ധയോട് കാര്യങ്ങൾ അന്വേഷിച്ചു. നിർബന്ധിച്ചപ്പോൾ അന്തർജ്ജനം തന്റെ ജീവിതകഥയുടെ കെട്ടഴിച്ചു, തീവണ്ടിയുടെ മുമ്പിൽ ചാടി ആത്മഹത്യ ചെയ്യുകയാണ് ഉദ്ദേശം എന്നും തുറന്നടിച്ചു.

റസിയാബീവി ഒരു സാധാരണ വീട്ടമ്മയായിരുന്നു. ഭർത്താവും നാല് മക്കളും  അടങ്ങുന്ന  കുടുംബത്തിലെ അംഗം. അന്തർജ്ജനത്തിന്റെ വാക്കുകൾ റസിയയെ വേദനിപ്പിച്ചു.  തന്റെ മുമ്പിൽ നിൽക്കുന്നത് ഒരു ബ്രാഹ്മണ സ്ത്രീയാണെന്നൊന്നും അപ്പോൾ അവർ ചിന്തിച്ചില്ല. അവരുടെ കൈ പിടിച്ച് സ്വന്തം വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.  ആയുഷ്ക്കാലം മുഴുവൻ പെറ്റമ്മയെ നോക്കുന്നതുപോലെ സംരക്ഷിച്ചുകൊള്ളാമെന്ന റസിയ വാക്ക് നല്കുകയും ചെയ്തു.

അമ്മയ്ക്ക് ബുദ്ധിമുട്ടുണ്ടാകിരിക്കാൻ റസിയ സ്വന്തം കുടുംബത്തിന്റെ ശീലങ്ങളിൽ മാറ്റം വരുത്തി. സസ്യഭുക്കായ അമ്മയ്ക്ക് വേണ്ടി വീട്ടിൽ സസ്യേതര ഭക്ഷണം പാകം ചെയ്യാതായി.

പഞ്ചായത്തിനെ സ്വാധീനിച്ച് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്മയ്ക്കായി രണ്ട് മുറികളുള്ള ഒരു വീട് റസിയ നിർമ്മിച്ചുകൊടുത്തു. മുറ്റത്ത് തുളസിത്തറയും കിണറുമൊക്കെയുള്ള ആ കൊച്ചുവിട്ടീൽ ഹൈന്ദവാചാര പ്രകാരം ഗണപതി ഹോമത്തോടെ പാലുകാച്ചൽ ചടങ്ങും നടത്തി. അമ്മയുടെ സ്വന്തം മകളെപോലെ ഓരോ കാര്യങ്ങൾ ചെയ്തു കൊടുത്തു. അങ്ങനെ അമ്മ റസിയക്ക് പെറ്റമ്മ തന്നെയായി മാറി. അമ്മയ്ക്ക്  റസിയ സ്വന്തം മകളും.

ഇവരുടെ കഥ കേട്ടറിഞ്ഞ് സിനിമാനടി കൽപ്പന ആ വീട്ടിലെത്തി അന്തർജ്ജനത്തെകണ്ടു. മാസം തോറും ആയിരം രൂപ കൽപന അവർക്ക് എത്തിച്ചുകൊടുത്തു. മരിക്കുംവരെ കല്പന അതിന് മുടക്കം വരുത്തിയില്ല.

രണ്ടുമാസങ്ങൾക്ക് മുൻപ് അന്തർജ്ജനത്തിന് ചെറിയൊരപകടത്തിൽ കാലിന് മുറിവേറ്റു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കുറേകാലം ചികിത്സ നത്തി. അവിടെ നിന്ന് ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിലെത്തി റസിയയോടൊപ്പം കഴിയുന്നതിനിടെ അന്ത്യം സംഭവിച്ചു.

മരിക്കുമ്പോൾ  94 വയസ്സായിരുന്നു. ദിവസങ്ങളോ മാസങ്ങളോ അല്ല നീണ്ട രണ്ട് പതിറ്റാണ്ടുകാലമാണ് റസിയ ചെല്ലമ്മ അന്തർജ്ജനത്തെ പോറ്റിയത്. പെറ്റമ്മയ്ക്ക് നൽകുന്ന സ്നേഹവും ശുശ്രൂഷയും വാരിക്കോരി കൊടുത്തു. റസിയ വാങ്ങിക്കൊടുത്ത രുദ്രാക്ഷമാല മരണംവരെ ആ അമ്മയുടെ കഴുത്തിലുണ്ടായിരുന്നു. ഹൈന്ദവാചാര പ്രകാരം തന്നെ അന്തിമ ചടങ്ങുകളും നടത്തി.

ഇവിടെ  കേരളം കണ്ട് അനശ്വരമായി ഒരു മുഹൂർത്തമുണ്ട്. കത്തിച്ചു വച്ച നിലവിളക്കിന് മുമ്പിൽ  ചേതനയറ്റ് കിടക്കുന്ന അന്തർജനത്തിനെ അമ്മേ എന്ന് വിളിച്ച് റസിയാബീവി പൊട്ടിക്കരയുന്നു. സാംസ്കാരിക കേരളത്തിന് ഒരിക്കലും മറക്കാനാകാത്ത മഹനീയ ദൃശ്യം ഇത് കഥയല്ല ജീവിതത്തിന്റെ ഒരു നേർക്കാഴ്ച വളർത്തി വലുതാക്കിയ സ്വന്തം മക്കൾ വൃദ്ധ മാതാപിതാക്കളെ നടതള്ളുന്ന ഈ ലോകത്ത് ഈ കാഴ്ച പലരെയും ഞെട്ടിച്ചേക്കാം.  പൊക്കിൾകൊടി ബന്ധത്തിന്റെ വൈകാരികതയോ രക്തബന്ധത്തിന്റെ കണക്കുകളോ ഇല്ലാത്ത വേറിട്ട ഒരു മാതൃ പുത്രി ബന്ധം. ഇത് ഒരു പാഠമാണ് സാംസ്കാരിക കേരളം കാണാതെ പഠിക്കേണ്ട ഹൃദ്യമായ ഒരു പാഠം.